ഉത്തരം

(എ) ദാരിദ്ര്യരേഖയ്ക്കു താഴെ ജീവിക്കുന്ന ഗ്രാമീണ ജനങ്ങളുടെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കാൻ ഒരു സർവേ നടത്തിയിട്ടുണ്ട്.

(ബി) 1-2-1983-ൽ ആരംഭിക്കുകയും 31-7-1985-ൽ അവസാനിക്കുകയും ചെയ്തു.

(സി) 31.57 ശതമാനം.

സ്റ്റാൻറിംഗ് ലേബർ കമ്മറ്റി

779. [178] ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, എം. കെ. കേശവൻ :
,, പി. കുമാരൻ :
,, കെ. പി. പ്രഭാകരൻ :
,, കെ. ഇ. ഇസ്മയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഡൽഹിയിൽ വച്ച് സമീപകാലത്ത് കൂടിയ സ്റ്റാൻറിംഗ് ലേബർ കമ്മറ്റിയിൽ കേരളാ ഗവൺമെൻറിനെ പ്രതിനിധീകരിച്ച് ആരെല്ലാമാണ് പങ്കെടുത്തിരുന്നത് ;

(ബി) ഈ കമ്മിറ്റിയുടെ പ്രധാന തീരുമാനങ്ങളെന്തെല്ലാമായിരുന്നു?

ഉത്തരം

(എ) തൊഴിൽ വകുപ്പുമന്ത്രി, തൊഴിൽ വകുപ്പ് സെക്രട്ടറി, ലേബർ കമ്മീഷണർ എന്നിവർ പങ്കെടുത്തിരുന്നു.

(ബി) ട്രേഡ് യൂണിയനുകളുടെ പെരുപ്പം കുറയ്ക്കുകയും, ട്രേഡ് യൂണിയനുകൾ സംഘടനാപരമായി കൂടുതൽ ശക്തവും കാര്യക്ഷമവുമാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

2. 90 ശതമാനത്തോളം വരുന്ന അസംഘടിത മേഖലയിലെ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു കൂടുതൽ ശ്രദ്ധ ചെലുത്തുകയും ക്ഷേമപദ്ധതികൾ, സോഷ്യൽ സെക്യൂരിറ്റി കവറേജ് എന്നിവയുടെ പരിധിയിൽ ഈ വിഭാഗം തൊഴിലാളികളെക്കൂടി ഉൾപ്പെടുത്തുക.

3. അസംഘടിതമേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി സ്വീകരിക്കുന്ന നടപടികൾ വിലയിരുത്തുന്നതിനായി സ്റ്റാൻറിംഗ് ലേബർ കമ്മറ്റിയുടെ ഒരു സബ്കമ്മിറ്റി രൂപീകരിക്കുന്നകാര്യം പരിഗണിക്കുക.

4. പ്രോവിഡൻറ് ഫണ്ട് വിഹിതം 8 ശതമാനത്തിൽനിന്നും 10 ശതമാനമായി ഉയർത്തുക.

ടാക്സി, ഓട്ടോറിക്ഷകളിലെ മീറ്റർ നിരക്കുകൾ

780. [179] ശ്രീ. വി. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ടാക്സി, ഓട്ടോറിക്ഷകളിലെ മീറ്റർ നിരക്കുകൾ പുതുക്കിയിട്ടുണ്ടോ ;

(ബി) ഏറ്റവും ഒടുവിൽ പുതുക്കിയത് എന്നാണ് ;

LIBRARY ARCHIVES Kerala Legislative Assembly